# ശാന്തിയുടെ ഭവനത്തിലേക്കെത്താൻ

കബീർ എം. പറളി

അല്ലാഹു ശാന്തിയുടെ ഭവനത്തിലേക്ക് ക്ഷണിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ നേരായ പാതയിലേക്ക് നയിക്കുകയും ചെയ്യുന്നു. സുകൃതം ചെയ്തവർക്ക് ഏറ്റവും ഉത്തമമായ പ്രതിഫലവും കൂടുതൽ നേട്ടവുമുണ്ട്. ഇരുളോ അപമാനമോഅവരുടെ മുഖത്തെ തീണ്ടുകയില്ല. അവരാകുന്നു സ്വർഗാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും. (യൂനുസ് : 25, 26)

അല്ലാഹു തന്റെ അടിമകളോട് എന്നും ദയാലുവാണ്. അവന്റെ വിശാലമായ കാരുണ്യം മനുഷ്യർക്കു മുന്നിൽ എന്നും തുറന്നു വെക്കപ്പെട്ടിട്ടുണ്ട്. തന്റെ ദാസൻമാരെ കത്തിയാളുന്ന ലരകത്തിലിട്ടു കരിക്കാനല്ല, എല്ലാം തികഞ്ഞ സ്വർഗം നൽകി സൽകരിക്കാനാണ് കരുണാമയനായ നാഥന്ന് പ്രിയം. മുകളിലുദ്ധരിച്ച ക്വുർആൻ വാക്യങ്ങൾ ശ്രദ്ധിക്കുക. വിശുദ്ധ ക്വുർആനും അന്ത്യ പ്രവാചകന്റെ മഹനീയ മാതൃകയും അനുസരിച്ച് ജീവിക്കുന്നത് മുഖേന ഒരു വുശ്വാസിക്ക് ലഭിക്കുന്ന ആത്യന്തികമായ നേട്ടത്തെ സംബന്ധിച്ചാണ് അവ വിശദീകരിക്കുന്നത്. ഇസ്‌ലാം നന്മയാണെന്ന് അംഗീകരിച്ച വ്യക്തിയുടെ ലക്ഷ്യം അല്ലാഹു ക്ഷണിക്കുന്ന ശാന്തിയുടെ ബവനം തന്നെയാകണം. മുസ്‌ലിമാകാനും ഇസ്‌ലാമിക വൃത്തത്തിൽ സാത്വിക ജീവിതം നയിക്കാനും നമുക്കായത് നേരായ പാതയിലേക്ക് വെളിച്ചം നൽകാൻ അല്ലാഹു കനിവു കാണിച്ചതു കൊണ്ടു മാത്രമാണ്. വെളിച്ചം ലഭിച്ചവൻ അത് വേണ്ടവിധം ഉപയോഗപ്പെടുത്തണം.

സുകൃതവാനാകാനും സ്വർഗഭവനത്തിലെത്താനും കൊതിക്കുന്ന വിശ്വാസി, അതിന് വഴികാട്ടുന്ന ആധാരങ്ങളെ ജീവിതത്തിൽ സദാ കൊണ്ടു നടക്കാൻ നിർബന്ധം കാട്ടേണ്ടവനാണ്. വിശുദ്ധ ക്വുർആനും പ്രവാചക തിരുമേനി(സ്വ)യുടെ സുന്നത്തുമാണ് ആ ആധാരങ്ങൾ. അവയോട് അടുക്കുന്തോറും ജീവിതത്തിൽ നന്മയും, മേന്മയും ഏറിക്കൊണ്ടിരിക്കും. ക്വുർആനിൽ നിന്നും സുന്നത്തിൽ നുന്നുമുള്ള അകൽച്ചയാണ് മുസ്‌ലിം ഉമ്മത്തിന്റെ ജീവിതത്തിൽ എക്കാലത്തും കാണുന്ന സകല പതനങ്ങൾക്കും കാരണം.

ഭൂമിയിൽ ജന്മം തന്ന, ജീവിക്കാനാവശ്യമായതൊക്കെ വീതിച്ചു നൽകിയ, സുകൃതം ചെയ്ത് വിജയികളാകാൻ അവസരങ്ങളേകിയ കാരുണ്യവാനായ റബ്ബിനെ പൂർണ്ണ ഹൃദയത്തോടെ സ്നേഹിക്കാൻ നമുക്കാകണം. സ്വർഗത്തിലേക്കെത്താൻ വഴികാണിച്ചു തന്ന ലോകഗുരു മുഹമ്മദ് നബി(സ്വ)യെ മറ്റെന്തിനേക്കാളും ഇഷ്ടപ്പെടാനുമാകണം. അപ്പോൾ നമ്മുടെ ഹൃദയത്തിൽ ഈമാനിന്റെ വെളിച്ചം അനുഭവപ്പെടും. അപ്പോൾ സുകൃതം ചെയ്യാനും സുകൃതവാന്മാരോടൊപ്പം ഇഹത്തിലും പരത്തിലും കഴിയാനും, അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമുക്ക് സാധിക്കും. സന്മാർഗത്തിന്റെ വഴിയെ സസന്തോഷം ചരിക്കാനും ദുർമാർഗങ്ങളിൽ നിന്നുള്ള പ്രലോഭനങ്ങളെ അതിജയിച്ചു ജീവിക്കാനും നമുക്ക് കഴിയും. പ്രവാചക തിരുമേനി(സ്വ)യുടെ ഉപദേശം കേൾക്കുക:

അനസ്(റ) നിവേദനം. പ്രവാചകനരുളി: മൂന്ന് കാര്യങ്ങൾ ഒരാളിൽ ഉണ്ടായിക്കഴിഞ്ഞാൽ അയാൾക്ക് വിശ്വാസത്തിന്റെ മാധുര്യം ആസ്വദിക്കാൻ സാധിക്കും. അല്ലാഹുവും അവന്റെ ദൂതനും അവരൊഴികെയുള്ള മറ്റെന്തിനേക്കാളും ഒരാൾക്ക് പ്രിയങ്കരമായിത്തീരുക. അല്ലാഹുവിനോടുള്ള സ്നേഹം കൊണ്ടു മാത്രം ഒരാൾ മറ്റൊരുവനെ സ്നേഹിച്ചു കൊണ്ടിരിക്കുക. സത്യനിഷേധത്തിൽ നിന്ന് അല്ലാഹു രക്ഷപിപെടുത്തിയതിനു ശേഷം വീണ്ടും അതി

ലേക്ക് പോകുന്നത് നരകത്തിലേക്ക് എറിയപ്പെടുന്നത് എപ്രകാരം വെറുക്കുന്നുവൊ അതുപോലെ വെറുക്കുക. (മുസ്‌ലിം)

ഇസ്‌ലാമിക പ്രമാണങ്ങളിൽ അടിയുറച്ചു ജീവിക്കുന്ന വിശ്വാസികൾക്ക് അല്ലാഹുവിന്റെ അഭയവും അനുഗ്രഹാശിസ്സുകളും നിരന്തരം ലഭിച്ചു കൊണ്ടിരിക്കും. ഒന്ന് വിനീതനാകാൻ മനസ്സു വെക്കാത്തതു കൊണ്ടാണ് അധികപേരും അഹങ്കാരത്തിന്റെ പിടിയിലകപ്പെട്ട്, ദൈവികാനുഗ്രഹത്തിന്റെ വൃത്തത്തിൽ നിന്നും മാറിജീവിക്കുന്നത്.

ശാന്തിയുടെ ഭവനമായ സ്വർഗമാണ് ജീവിതത്തിന്റെ ശരിയായ ലക്ഷ്യം എന്നറിഞ്ഞ വിശ്വാസി അതിലേക്കെത്താൻ കർമ്മനിരതനായി നിലകൊള്ളണം. അല്ലാഹു പറഞ്ഞതാണ് വാസ്തവം:

ആരെങ്കിലും പരലോകം ഉദ്ദേശിക്കുകയും, സത്യവിശ്വാസിയായിക്കൊണ്ട് അതിനു വേണ്ടി അതിന്റേതായ പരിശ്രമം നടത്തുകയും ചെയ്യുന്ന പക്ഷം അത്തരക്കാരുടെ പരിശ്രമം പ്രതിഫലാർഹമായിരിക്കും. (ഇസ്റാഅ്: 19)

ദുനിയാവിലെ വിഭവങ്ങളോടും സുഖഭോഗങ്ങളോടും ആർത്തികാട്ടുന്ന മനുഷ്യർക്ക്, അതിനുവേണ്ടി വിയർപ്പൊഴുക്കുമ്പോൾ ലഭ്യമാകുന്നത് അവ മാത്രമാണ്. എന്നെന്നും അനുഭവിക്കാനാകുന്ന പരലോകസൗഭാഗ്യം അത്തരക്കാർക്ക് വിനഷ്ടമായിരിക്കും. വിശ്വാസിക്ക് ചിന്തിക്കാനാകാത്ത കാര്യമാണത്. അല്ലാഹു പറയുന്നത് കാണുക:

ക്ഷണികമായതിനെ (ഇഹലോകത്തെ)യാണ് വല്ലവരും ഉദ്ദേശിക്കുന്നതെങ്കിൽ അവർക്ക് അഥവാ (അവരിൽ നിന്ന്) നാം ഉദ്ദേശിക്കുന്നവർക്ക് നാം ഉദ്ദേശിക്കുന്നത് ഇവിടെ വെച്ച് തന്നെ വേഗത്തിൽ നൽകുന്നതാണ്. പിന്നെ നാം അങ്ങനെയുള്ളവക്ക് നൽകുന്നത് നരകമായിരിക്കും. അപമാനിതനും പുറന്തള്ളപ്പെട്ടവനുമായിക്കൊണ്ട് അവൻ അതിൽ കടന്നെരിയുന്നതാണ്. (ഇസ്രാഅ്: 18)

വിശ്വാസികൾ ചെയ്യേണ്ടത് ക്വുർആനിന്റെ നിർദ്ദേശങ്ങളിലൂടെ ജീവിതത്തെ മുന്നോട്ടു കൊണ്ടു പോകുക എന്നതാണ്. അല്ലാഹുവിന്റെ ക്ഷണം നിസ്സാര കാര്യത്തിലേക്കല്ലെന്ന ബോധം ഹൃദയത്തിൻ നിർന്നിദ്രമായി നിർത്തിയാൽ ഏറെക്കുറെ അവർക്കതിനാകും. ദേഹേച്ഛകൾക്കു വഴിപ്പെടാതെയും, റബ്ബിന്റെ സാന്നിധ്യത്തെ ഭയന്നും ജീവിക്കുന്നവർക്ക് പടച്ചവൻ വാഗ്ദാനം ചെയ്യുന്നതു തന്നെ സ്വർഗമാണ്.

അപ്പോൾ ഏതൊരാൾ തന്റെ രക്ഷിതാവിന്റെ സ്ഥാനത്തെ ഭയപ്പെടുകയും മനസ്സിനെ തന്നിഷ്ടത്തിൽ നിന്ന് വിലക്കിനിർത്തുകയും ചെയ്തുവോ, (അവന്ന്) സ്വർഗം തന്നെയാണ് സങ്കേതം. (നാസിആത്ത്: 40-41)

അതെ, വിശ്വാസിയുടെ എന്നത്തേയും പ്രയത്നവും, പ്രാർത്ഥനയും സ്വർഗത്തിനു വേണ്ടിയാകണം. അവന്റെ തികഞ്ഞ ജാഗ്രത നരകത്തെ സംബന്ധിച്ചുമാകണം. ശാന്തിയുടെ ഭവനത്തിലേക്കുള്ള, കരുണാവാരിധിയായ അല്ലാഹുവിന്റെ ദയ നിറഞ്ഞ ക്ഷണം വിശ്വാസികൾ സ്വീകരിക്കേണ്ടത് ഭക്തിപൂർവമാണ്. വിശ്വാസവും, കർമ്മങ്ങളും, ജീവിതനിഷ്ഠകളും നന്നാക്കിക്കൊണ്ടാകണം അതിന്നവർ ഒരുങ്ങേണ്ടത്. വെറും ലാഭമുള്ള സംഗതിയാണത്.

അർത്ഥവത്തായ രണ്ടു വിശുദ്ധ വചനങ്ങൾ ഇത്തരുണത്തിൽ നമ്മൾ വായിച്ചറിയുന്നത് വളരെ ഉപകാരപ്രദമായിരിക്കും. ജീവിതത്തിൽ അല്ലാഹുവിന്റെയും റസൂലിന്റെയും ക്ഷണങ്ങൾക്ക് കാതുകൊടുത്തു കഴിയുന്ന വിശ്വാസികൾക്കും വിശ്വാസിനികൾക്കും അത് ഹൃദയത്തിൽ സന്തുഷ്ടി പകരും.

നിങ്ങൾക്ക് ജീവൻ നൽകുന്ന കാര്യത്തിലേക്ക് നിങ്ങളെ വിളിക്കുമ്പോൾ സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനും റസൂലിനും ഉത്തരം നൽകുക. മനുഷ്യന്നും അവന്റെ മനസ്സിനും ഇടയിൽ അല്ലാഹു മറയിടുന്നതാണ് എന്നും അവങ്കലേക്ക് നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുമെന്നും നിങ്ങൾ അറിഞ്ഞ് കൊള്ളുക. (അൻഫാൽ: 24)

ഏതൊരു ആണോ പെണ്ണോ സത്യവിശ്വാസിയായിക്കൊണ്ട് സൽകർമ്മം പ്രവർത്തിക്കുന്ന പക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നൽകുന്നതാണ്. അവർ പ്രവർത്തിച്ച് കൊണ്ടിരുന്നതിൽ ഏറ്റവും ഉത്തമമാ യതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം തീർച്ചയായും നാം അവർക്ക് നൽകുകയും ചെയ്യും. (നഹ്ൽ: 97)